(സി) പിന്നോക്ക വിഭാഗ ക്ഷേമത്തിനായി പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്നത്തേക്ക് രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും, ഇതിന്റെ ഘടന എന്തായിരിക്കുമെന്നും വിശദമാക്കാമോ ;

(ഡി) പുതുതായി രൂപീകരിക്കുന്ന വകുപ്പിൽ മറ്റു വകുപ്പുകളിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാർക്ക് ഓപ്ഷൻ നൽകി നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പിന്നോക്ക സമുദായക്ഷേമ വകുപ്പിനു വേണ്ടി തസ്തിക സൃഷ്ടിച്ചിട്ടില്ല.

(ബി) പിന്നോക്ക വിഭാഗങ്ങളിൽ അർഹതയുള്ള വ്യക്തികൾക്കുള്ള വിദ്യാഭ്യാസ സഹായങ്ങളും സാമ്പത്തികസഹായങ്ങളും മറ്റ് ക്ഷേമപ്രവർത്തനങ്ങളും ഏകീകൃതമായി ഒരു വകുപ്പിൻ കീഴിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു.

(സി&ഡി) പിന്നോക്ക സമുദായക്ഷേമ വകുപ്പിന്റെ ഘടന എന്തായിരിക്കണമെന്നും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ഈ വിധ കാര്യങ്ങളും പരിശോധിക്കുന്നതാണ്.

പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ

10 (833) ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. പി. രാജു :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. സത്യൻ മൊകേരി :
പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ജനങ്ങളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വിശദീകരിക്കുമോ ;

(ബി) സമ്പൂർണ്ണ പാർപ്പിട പദ്ധതി അനുസരിച്ച് ഈ വിഭാഗങ്ങളിൽപ്പെടുന്ന കുടുംബങ്ങൾക്ക് എപ്പോൾ വീടുകൾ ലഭിക്കുമെന്ന് അറിയിക്കുമോ ;

(സി) ഇപ്രകാരം നിർമ്മിക്കുന്ന വീടുകളുടെ നിർമ്മാണച്ചെലവുകൾ വഹിക്കുന്നതിന് ഏതെല്ലാം ഏജൻസികളുടെ സഹായം സർക്കാർ സ്വീകരിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ജനങ്ങളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ ത്രിതല പഞ്ചായത്തുകൾ മുഖേന നടപ്പാക്കിവരുന്നു.

946/2010

LIBRARY ARCHIVES Kerala Legislative Assembly

(1) ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി.

(2) പുറമ്പോക്കു നിവാസികളായ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം.

(3) ഏറ്റവും പിന്നോക്കം നിൽക്കുന്ന ദുർബല വിഭാഗക്കാർക്കുള്ള പുനരധിവാസപദ്ധതി.

ഇവ കൂടാതെ ഗ്രാമവികസനവകുപ്പു മുഖേന ഐ.എ.വൈ/ ജെ.ആർ.വൈ. എന്നിവയും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി സഹകരിച്ച് ഭവന രഹിതരായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കും വീടു നിർമ്മിച്ചു നൽകുന്നതിന് സുവർണ്ണ ജൂബിലി സമ്പൂർണ്ണ മൈത്രി ഭവന നിർമ്മാണ പദ്ധതിയും നടപ്പാക്കി വരുന്നു. ത്രിതല പഞ്ചായത്തുകൾ ഭവനപദ്ധതികൾക്കാണ് മുൻതൂക്കം നൽകിവരുന്നത്.

(ബി) ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടുകൂടി പദ്ധതിയുടെ പ്രയോജനം ഈ വിഭാഗക്കാർക്ക് ലഭ്യമാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

(സി) കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ സഹായം സ്വീകരിച്ചിട്ടുണ്ട്.

'ഗാലിയാർ' സമുദായത്തിന് ഒ.ബി.സി.ആനുകൂല്യം

11 (834) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ഗാലിയാർ' സമുദായം ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടതാണോ എന്ന് അറിയിക്കുമോ ;

(ബി) ഈ സമുദായാംഗങ്ങൾക്ക് തഹസീൽദാർമാർ ഒ.ബി.സി. സർട്ടിഫിക്കറ്റ് നൽകിയിരുന്നതായി അറിയുമോ ;

(സി) എന്നാൽ ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ ഈ സമുദായക്കാർക്ക് ഒ. ബി. സി. സംവരണം നിഷേധിക്കപ്പെട്ടിരിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ഇ) 'ഗാലിയാർ' സമുദായത്തിന് മുമ്പ് ലഭ്യമായിരുന്ന ഒ.ബി.സി. വിഭാഗക്കാർക്കുള്ള ആനുകൂല്യം നിലനിർത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 'ഗാലിയാർ' സമുദായം ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly